LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സ്ഥാനത്തുനിന്ന് ശ്രീ. ജോയ് തോമസിനെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. കൃഷ്ണൻകുട്ടി, ശ്രീ. ബെന്നി പെരുവന്താനം എന്നിവരിൽനിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1) (ഡി) പ്രകാരവും 2011-ലെ 97-ാം ഭരണഘടനാഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25-9-2015-ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വിജിലൻസ് അന്വേഷണം

176 (543) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുകയുണ്ടായോ ; രേഖകൾ ഇപ്പോൾ ആരുടെ കസ്റ്റഡിയിലാണെന്ന് വെളിപ്പെടുത്തുമോ ; വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നല്കുകയുണ്ടായോ ; എങ്കിൽ ഏത് ദിവസം ; ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണ് ; വിശദമാക്കാമോ ;

(സി) ക്രമവിരുദ്ധമായ നടപടികൾ, നവീകരണം, അറ്റകുറ്റപ്പണി, സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവയുടെ ഭാഗമായി നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട അഴിമതികൾ ഏതൊക്കെ ;വിശദമാക്കാമോ ;

(ഡി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയത് ഏപ്പോഴാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതിയെ കുറിച്ച് സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ബി) അഴിമതിയുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെടാതിരിക്കാൻ കൺസ്യൂമർ ഫെഡറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രേഖകൾ ഓരോ വിഭാഗത്തിലേയും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പക്കലാണ്. വിജിലൻസ് അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ നേരിട്ട് 29-5-2015, 04-6-2015, 26-6-2015, 27-7-2015 എന്നീ തീയതികളിൽ വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള അന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) സഹകരണസംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതി വാങ്ങാതെ പൊതുഫണ്ടിൽനിന്നും തുക ചെലവഴിച്ച് നവീകരണം, അറ്റകുറ്റപ്പണികൾ, സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവ നടത്തിയത് സംബന്ധിച്ചുള്ള പരിശോധനയും കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓപ്പറേഷൻ അന്നപൂർണ്ണയുടെ ഭാഗമായി കൺസ്യൂമർഫെഡിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് 22-10-2013-ൽ ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി

177 (544) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധിക്കാധാരമായ കാരണങ്ങൾ വിശദമാക്കാമോ ; നിലവിൽ കടബാധ്യതകൾ എത്രയാണ് ; ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നഷ്ടം എത്ര രൂപയാണ്;

(ബി) കൺസ്യൂമർ ഫെഡറേഷൻ ആരിൽ നിന്നെല്ലാം എത്ര കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ വാങ്ങിയിട്ടുണ്ട് ;

(സി) കൺസ്യൂമർ ഫെഡറേഷന്റെ പെയ്ഡ് ക്യാപ്പിറ്റൽ എത്ര ; അതിന്റെ എത്ര ഇരട്ടി നഷ്ടം നേരിടുന്നുണ്ട് ; വിശദാംശം നൽകുമോ ?